(ബി) ആകെ 8683.92 കോടി രൂപ സംസ്ഥാന നികുതികളും ഡ്യൂട്ടികളുമായി പ്രതീക്ഷിക്കുന്നു. യഥാർത്ഥത്തിൽ പിരിച്ചെടുത്ത തുകയുടെ അന്തിമ കണക്കുകൾ ലഭ്യമല്ല. അക്കൗണ്ടന്റ് ജനറലിന്റെ 2003 ഒക്ടോബർ മാസം വരെ ലഭ്യമായ കണക്ക് പ്രകാരം 4019.98 കോടി രൂപ ഈ ഇനത്തിൽ വരുമാനമുണ്ടായി.

(സി) കേന്ദ്ര നികുതി വിഹിതമായി 1950 കോടി രൂപ പ്രതീക്ഷിക്കുന്നു. യഥാർത്ഥ വരുമാനത്തെ സംബന്ധിച്ച പൂർണ്ണമായ കണക്കുകൾ ലഭ്യമല്ല. അക്കൗണ്ടന്റ് ജനറലിന്റെ 2003 ഒക്ടോബർ മാസം വരെ ലഭ്യമായ കണക്ക് പ്രകാരം കേന്ദ്ര നികുതി വിഹിതമായി 970.89 കോടി രൂപ കിട്ടിയിട്ടുണ്ട്.

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ ഫലമായി ലഭിച്ച അധിക വരുമാനത്തിന്റെ കണക്ക് ഇപ്പോൾ ലഭ്യമല്ല.

സംസ്ഥാനത്തിന് ലഭിച്ച റവന്യൂ വരുമാനം

35 [318] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച റവന്യൂ വരുമാനം എത്രയായിരുന്നു; ഇതിൽ യഥാർത്ഥ വരുമാനം ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതേ കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച നികുതി വിഹിതങ്ങളുടെയും മറ്റ് നിലവിലുള്ള എല്ലാവിധ സാമ്പത്തിക സഹായങ്ങളുടെയും വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച റവന്യൂ വരുമാനം താഴെ പറയും പ്രകാരമാണ്.

(രൂപ കോടിയിൽ)

വർഷം	നികുതി വരുമാനം	നികുതിയേതര വരുമാനം	ഗ്രാന്റ് ഇൻ എയ്ഡ്	ആകെ
2001-02	7537.68	543.38	975.33	9056.39
2002-03	9017.75	681.26	938.37	10637.38

2003-04-ലെ കണക്കുകൾക്ക് അന്തിമ രൂപമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001-02-ലും 2002-03-ലും നികുതിയുൾപ്പെടെ മറ്റ് കേന്ദ്രസഹായങ്ങളുടെ വിശദവിവരം താഴെപ്പറയും പ്രകാരമാണ്:

	2001-02	2002-03
കേന്ദ്ര നികുതി വിഹിതം	1614.26	1715.22
ഗ്രാന്റ് ഇൻ എയ്ഡ്	975.33	938.37
കേന്ദ്ര ലോണുകളും അഡ്വാൻസുകളും	780.69	1192.86
ദേശീയ ചെറുകിട നിക്ഷേപ ഫണ്ട് സ്പെഷ്യൽ സെക്യൂരിറ്റീസ്	462.56	832.31
ആകെ	3832.84	4678.76

നടപ്പു സാമ്പത്തിക വർഷത്തെ വരവിനങ്ങളെ കുറിച്ചുള്ള അന്തിമ കണക്കുകൾ തയ്യാറായിട്ടില്ല.

അധിക നികുതി സമാഹരണം

36 [319] ശ്രീ. രാജു എബ്രഹാം :

,, വി. കെ. സി. മമ്മത്കോയ :

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2003-04-ലെ നികുതി പിരിവിലെ വളർച്ചാനിരക്ക് എത്രയാണ് എന്നും, ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണെന്നും വ്യക്തമാക്കുമോ;

(സി) നികുതി പിരിവിലെ വളർച്ചാ നിരക്ക് കുറയാനുണ്ടായ കാരണങ്ങളെ കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) നികുതിനിരക്കുകൾ വർദ്ധിപ്പിക്കാതെയും അധിക നികുതി അടിച്ചേല്പിക്കാതെയും പ്രതിവർഷം എത്ര കോടി രൂപ വില്പന നികുതി ഇനത്തിൽ അധിക സമാഹരണം നടത്താൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly